പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1901 **26-10-2026-ൽ മറുപടിയ്ക്ക്**

ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തിയ പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. നിർദ്ദേശിച്ച ഒരു പ്രവൃത്തിക്ക് അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തി ലഭിച്ചു കഴിഞ്ഞ ശേഷം ടി പ്രവൃത്തി മാറ്റി പകരം മറ്റൊരു പ്രവൃത്തി അടങ്കൽ തുകയിൽ വ്യത്യാസം വരാതെ നിർദ്ദേശിച്ചുകൊണ്ടോ ആദ്യം നിർദ്ദേശിച്ച പ്രവൃത്തിയുടെ തന്നെ പേര് സാങ്കേതികാനുമതി ലഭിക്കാനുതകും വിധം മാറ്റി നൽകുന്നത് സംബന്ധിച്ചോ എം.എൽ.എ. ധനകാര്യ വകുപ്പിന് അപേക്ഷ നൽകിയാൽ ആയത് പരിഗണിക്കാനാകുമോ;

മറുപടി: ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ നിർദ്ദേശിച്ച ഒരു പ്രവൃത്തി യ്ക്ക് അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തി ലഭിച്ചു കഴിഞ്ഞ ശേഷം പ്രസ്തുത പ്രവൃത്തി മാറ്റി പകരം മറ്റൊരു പ്രവൃത്തി അടങ്കൽ തുകയിൽ വ്യത്യാസം വരാതെ നിർദ്ദേശിച്ചുകൊണ്ടോ ആദ്യം നിർദ്ദേശിച്ച പ്രവൃത്തിയുടെ തന്നെ പേര് സാങ്കേതികാനുമതി ലഭിക്കാനുതകും വിധം മാറ്റി നൽകുന്നത് സംബന്ധിച്ചോ എം.എൽ.എ ധനകാര്യ വകുപ്പിന് അപേക്ഷ നൽകിയാൽ ആയത് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരത്തിനു വിധേയമായി പരിഗണിക്കുന്നതാണ്. മാറ്റപ്പെടുന്ന പ്രവൃത്തി മറ്റേതെങ്കിലും തലത്തിൽ സർക്കാർ വിഹിതം വിനിയോഗിച്ച് സാക്ഷാത്കരിക്കാൻ ഉതകുന്നതാണെങ്കിൽ പ്രസ്തുത പ്രവൃത്തിക്കു പകരമായി മറ്റൊരു പ്രവൃത്തിക്ക് വിഹിതം അനുവദിക്കുന്നത് ശരിയായ രീതി അല്ലെന്ന് മാത്രമല്ല അപ്രകാരം വിഹിതം അനുവദിക്കുന്നത് സംസ്ഥാനത്തിന്റെ ധന പരിപാലനത്തിനും അടിയന്തര പ്രാധാന്യമുള്ള മറ്റു പദ്ധതികൾക്ക് വിഹിതം അനുവദിക്കുന്നതിനും വിഘാതം സൃഷ്ടിക്കും.

(ബി) എങ്കിൽ ആയത് പരിഗണിച്ച് ധനകാര്യ വകുപ്പ് പുതിയ ഉത്തരവ് നൽകുന്നത് ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്നും ഇതേ കാര്യത്തിൽ എം.എൽ.എ. യുടെ അപേക്ഷ പരിഗണിക്കാതെ നിരസിക്കുന്നത് എന്തെല്ലാം സാഹചര്യങ്ങളിലാണെന്നും രേഖകൾ സഹിതം വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ മുടങ്ങിപ്പോയ ഒരു പ്രധാന പ്രവൃത്തി വീണ്ടും സജീവമാക്കാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് എം.എൽ.എ. മുൻഗണന നൽകി നിർദ്ദേശിച്ചാൽ ടി പ്രവൃത്തിക്ക് ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തുന്നതിനു എന്തെങ്കിലും

തടസങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത തടസങ്ങൾ എന്തെല്ലാമെന്നുമുള്ള വിവരം രേഖകൾ സഹിതം അറിയിക്കാമോ?

മറുപടി: പ്രവൃത്തിയുടെ വിശദമായ വിവരങ്ങൾ സഹിതം ബജറ്റിൽ ഉൾപ്പെടുത്തുന്നതിനാ യുള്ള ശിപാർശ ബന്ധപ്പെട്ട എം.എൽ.എ മുൻഗണന നൽകി നിർദ്ദേശിച്ചാൽ ആയത് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയും ബന്ധപ്പെട്ട പ്രവൃത്തിയുടെ പ്രാധാന്യവും കണക്കിലെടുത്ത് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരത്തിനു വിധേയമായി പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ